## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .1785 | 16.06.2014-ൽ മറുപടിക്ക്

### വാടാനപ്പള്ളി, പള്ളിക്കടവ് ഫിഷ് ലാന്റിംഗ് സെന്ററുകൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.പി.എ. മാധവൻ | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | മണലൂർ നിയോജകമണ്ഡലത്തിലെ വാടാനപ്പള്ളി ബീച്ചിൽ ഒരു ഫിഷ് ലാന്റിംഗ് സെന്ററും, വെങ്കിടങ്ങ് ഗ്രാമപഞ്ചായത്തിലെ പള്ളിക്കടവിൽ ഒരു ഉൾനാടൻ ഫിഷ് ലാന്റിംഗ് സെന്ററും സ്ഥാപിക്കുന്ന പദ്ധതിയുടെ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (എ) | മണലൂർ നിയോജക മണ്ഡലത്തിലെ വാടാനപ്പള്ളി ഫിഷ് ലാന്റിംഗ് സെന്റർ നിർമ്മാണത്തിന് സ്ഥലം ലഭ്യമല്ലാത്തതിനാൽ പ്രൊപ്പോസൽ തയ്യാറാക്കിയിട്ടില്ല. വെങ്കിടങ്ങ് ഗ്രാമപഞ്ചായത്തിലെ പള്ളിക്കടവിൽ ഫിഷ് ലാന്റിംഗ് സെന്റർ നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി എൻ.എഫ്.ഡി.ബി.യുടെ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു. ടി എസ്റ്റിമേറ്റിൽ സ്ഥലം നികത്തിയെടുത്ത് ഫിഷ് ലാന്റിംഗ് സെന്റർ നിർമ്മിക്കുന്നതിനായിരുന്നു ഉദ്ദേശിച്ചിരുന്നത്. എന്നാൽ എൻ.എഫ്.ഡി.ബി. മാനദണ്ഡ പ്രകാരം സ്ഥലം നികത്തിയെടുക്കൽ (റിക്ലമേഷൻ) പ്രവൃത്തിയ്ക്ക് അംഗീകാരം ലഭ്യമാകില്ല. ആയതിനാൽ ടി പ്രവൃത്തിയ്ക്ക് അംഗീകാരം ലഭിച്ചിട്ടില്ല. |
| (ബി) | വാടാനപ്പള്ളി തീരദേശ മേഖലയിൽ പുലിമുട്ടുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ടോ; | (ബി) | പുലിമുട്ട് നിർമ്മാണത്തിന്റെ സാധ്യതാ പഠനത്തിനായി 25 ലക്ഷം രൂപയുടെ ഭരണാനുമതി ജലവിഭവ വകുപ്പ് നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി നടത്തുന്നതിന് തൃശ്ശൂർ കോസ്റ്റൽ ഇറിഗേഷൻ ഡിവിഷൻ ഓഫീസിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (സി) | ഇല്ലെങ്കിൽ ആയതിന് നടപടികൾ സ്വീകരിക്കുമോ ? | (സി) | സാധ്യതാ പഠനത്തിന്റെ റിപ്പോർട്ടിനനുസരിച്ച് ജലവിഭവ വകുപ്പ് തുടർ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ